ഭോഗത്തിലും അമിതവ്യയത്തിലും അധിഷ്ഠിതമായ ജീവിതരീതി—ഇതിൽനിന്നെല്ലാം മനുഷ്യസ്വഭാവത്തിലും പ്രകൃതിയിലും സംഭവിക്കുന്ന വിരൂപണങ്ങൾ ആണ് ആ നാട്ടിലെ ഇന്നത്തെ മുഖ്യപ്രശ്നങ്ങൾ. അമേരിക്കൻചേരിയെ പിൻതാങ്ങി നിലകൊള്ളുന്ന പടിഞ്ഞാറൻ ജർമനിയിലെ മുതലാളിത്ത—ജനാധിപത്യം ഈ പ്രശ്നങ്ങളെ പരിഹരിക്കുകയല്ല, നേരേമറിച്ച്, രൂക്ഷതരങ്ങളാക്കുകയാണ്ചെയ്യുന്നത് എന്നു പച്ചകൾ കരുതുന്നു. മഹാത്മാഗാന്ധിയുടെ പേരു പറയുന്നില്ലെങ്കിൽക്കൂടി, മുൻപറഞ്ഞ പ്രശ്നങ്ങൾക്ക് ഗാന്ധിജി നിർദേശിച്ചിട്ടുള്ള പരിഹാരങ്ങളാണ്, പ്രാദേശികമായി ആവശ്യമായ മാററങ്ങളോടെ, പച്ചകൾ തങ്ങളുടെ പരിപാടിയിൽ വിവരിക്കുന്നത്. അഹിംസയ്ക്ക് അവർ നൽകുന്ന വിശദീകരണം തികച്ചും ഗാന്ധിജിയുടേതുതന്നെ. അമിത—ഉപഭോഗത്തിനെതിരെ ആത്മനിയന്ത്രണം കൈക്കൊള്ളുന്നതിനുള്ള അവരുടെ ആഹ്വാനത്തിലും ഗാന്ധിജിയുടെ ശബ്ദം നാം സ്പഷ്ടമായി കേൾക്കുന്നു. ചീത്തമാർഗത്തിലൂടെ നല്ല ലക്ഷ്യം നേടുക അസാധ്യമെന്ന അവരുടെ വിശ്വാസത്തിന്റെ പ്രഭവവും ഗാന്ധിജിയാകുന്നു.

സർക്കാരിന്റേയും, സർക്കാർ നിലവിൽ വരുത്തിയിട്ടുള്ള കൂററൻ സ്ഥാപനങ്ങളുടേയും ചൂഷണത്തിനും, മർദനത്തിനും, അഴിമതികൾക്കും, താല്പര്യരാഹിത്യത്തിനും എതിരെ സമരം ചെയ്യുന്ന പൗരന്മാരുടെ ചെറിയ ഗ്രൂപ്പുകൾ ഇന്ത്യയിൽ ഒട്ടുവളരെയുണ്ട്. രാഷ്ട്രീയപ്പാർട്ടികൾ ഇന്ത്യയിൽ പൊതുവേ പരാജയപ്പെട്ടിരിക്കുകയാണെന്നും, എന്തെല്ലാം ആദർശം പ്രസംഗിച്ചാലും അവയെല്ലാം ഒന്നുപോലെ ചൂഷണത്തിനുവേണ്ടി നിലകൊള്ളുന്നവയാണെന്നും വിശ്വസിക്കുന്നവർ കുറവല്ല. ഈ ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും എന്തുകൊണ്ട് സംഘടിച്ചുകൂടാ? വ്യത്യസ്തമായ ഒരു പ്രവർത്തനവികല്പം ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കാനല്ലെങ്കിൽ അടിസ്ഥാനപ്രശ്നങ്ങളിൽ ജനശ്രദ്ധ കേന്ദ്രീകരിക്കാനെങ്കിലും ഇത്തരമൊരു സംഘടനയ്ക്കു കഴിഞ്ഞേക്കും. എന്നാൽത്തന്നെ വലിയ കാര്യമല്ലേ?

കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ
അതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ?

(2 ഒക്ടോബർ, 1986)

## 18. ഭക്ഷ്യസമൃദ്ധിയുടെ ഒരു ചിത്രം

വ്യവസായവിപ്ലവം ആദ്യം നടപ്പിലായത് യൂറോപ്പിലാണ്. ഇപ്പോഴും യൂറോപ്പിലെ ജനങ്ങളിൽ വളരെ വലിയ ഒരു ശതമാനം വ്യവസായങ്ങളിലേർപ്പെട്ടു നിത്യവൃത്തി നേടുന്നു. കൃഷിയിലും, അതോടുചേർന്ന മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയിലും ഏർപ്പെട്ടിട്ടുള്ളവർ താരതമ്യേന ചെറിയ ഒരു ശതമാനം മാത്രമാകുന്നു.

എന്നിട്ടെന്ത്? കാർഷികസമ്പന്നതയുടെ കൊടുമുടിയിലെത്തിനില്ക്കുകയാണ് യൂറോപ്പ്. ആവശ്യമുള്ളതിൽ എത്രയോ ഇരട്ടി ഭക്ഷ്യവസ്തുക്കളും പാനീയങ്ങളും അവിടെ ആണ്ടുതോറും ഉല്പാദിപ്പിക്കപ്പെടുന്നു. നാട്ടിലെ ഉപയോഗവും മറുനാടുകളിലേക്കു കയററിയയപ്പും കഴിഞ്ഞു മിച്ചം വരുന്ന ഭക്ഷ്യ—പാനീയങ്ങൾ വാങ്ങി സൂക്ഷിക്കാൻ കഴിയാതെ സർക്കാരുകൾ ബുദ്ധിമുട്ടുന്നു. ഈ സാധനങ്ങൾ സർക്കാർ വാങ്ങാതിരുന്നാൽ കൃഷിക്കാർ തകർന്നുപോകുമല്ലോ. അതിനാൽ സ്വന്തം മുതലെടുപ്പിൽ വലി

യൊരു ഭാഗം യൂറോപ്യൻ ഗവണ്മെൻറുകൾ ചെലവഴിക്കുന്നതു് ഈ മിച്ച—ഭക്ഷ്യ—പാനീയങ്ങൾ കർഷകരിൽനിന്നു വിലകൊടുത്തു വാങ്ങി ശേഖരിച്ചുവയ്ക്കാനാണു്. ഭണ്ഡാരപ്പുരകൾ നിറഞ്ഞു കവിഞ്ഞൊഴുകുന്നു. അധിക ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുള്ള ചെലവുകൊണ്ടു തങ്ങൾ പാപ്പരായേക്കുമോ എന്നു പല യൂറോപ്യൻ രാജ്യങ്ങളും ഭയപ്പെടുന്നുണ്ടു്. സമൃദ്ധി അവർക്കു് ഒരു ഭീഷണിയായിരിക്കുന്നു.

കേട്ടാൽ നിങ്ങൾ വിശ്വസിച്ചേക്കുകയില്ല. പക്ഷേ, സത്യം ഇതാണു്. 1984—നുശേഷം രണ്ടുവർഷത്തിനിടയ്ക്കു് യൂറോപ്യൻ ഭക്ഷ്യധാന്യങ്ങളുടെ ഉപയോഗം കഴിഞ്ഞുള്ള നീക്കിയിരിപ്പു് മൂന്നിരട്ടിയായിരിക്കുന്നു. ഉപയോഗം കഴിഞ്ഞു മിച്ചമുള്ള പാൽപ്പൊടി അമ്പതു ശതമാനവും വെണ്ണ നൂറുശതമാനവും വർദ്ധിച്ചിരിക്കുന്നു. ഒരു കോടി അറുപതുലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളും ആറുലക്ഷത്തി നാല്പത്തയ്യായിരം ടൺ ഗോമാംസവും മുപ്പത്തേഴര കോടി ഗാലൻ വീഞ്ഞും യൂറോപ്യൻ സർക്കാരുകൾ കർഷകരിൽനിന്നു വിലയ്ക്കുവാങ്ങി ഗോഡൗണുകളിൽ സൂക്‌ഷിച്ചുവെച്ചിരിക്കുകയാണു് ഇപ്പോൾ. ഇവ സൂക്‌ഷിക്കാൻ യൂറോപ്യൻ സർക്കാരുകൾ ഓരോ ദിവസവും ചെലവാക്കുന്ന തുക എത്രയെന്നോ? അമ്പത്തിരണ്ടു ലക്‌ഷം ഡോളർ! ഈ ആണ്ടിൽ യൂറോപ്പിലെ കർഷകരിൽനിന്നു മിച്ചം വരുന്ന പാൽ വാങ്ങാൻ സർക്കാരുകൾ നൂററമ്പതുകോടി ഡോളർ ചെലവഴിക്കേണ്ടിവരും. ഈ കാർഷികസമൃദ്ധി ഇതേപടി തുടരുന്നപക്ഷം അടുത്ത അഞ്ചുവർഷങ്ങൾക്കകം യൂറോപ്പിലെ കരുതൽ ഭക്ഷ്യശേഖരം എട്ടു കോടി ടൺ ആയി വർദ്ധിക്കുമെന്നും, അതു സൂക്ഷിച്ചുവയ്ക്കാൻതന്നെ ആണ്ടുതോറും മുന്നൂറു കോടി ഡോളർ ചെലവഴിക്കേണ്ടിവരുമെന്നും കണക്കാക്കിയിരിക്കുന്നു.

വെണ്ണ കണക്കിൽ കൂടുതൽ മിച്ചംവരുന്നതിനാൽ നെദർലാൻഡ്സിലെ കർഷകർ പശുക്കുട്ടികളെ വെണ്ണ തീററി വളർത്തുന്നുവത്രെ. യൂറോപ്പിൽ ഒരു ടണ്ണിനു മൂവായിരത്തി ഒരുനൂററിഇരുപതു ഡോളർ വിലയുണ്ടായിരുന്ന വെണ്ണ 1984—ൽ അറബി നാടുകളിൽ കൊണ്ടുചെന്നു വിററതു് ഒരു ടണ്ണിനു തൊണ്ണൂററിരണ്ടു ഡോളർ വിലയ്ക്കായിരുന്നു—അതായതു് യഥാർത്ഥ വിലയുടെ മുപ്പതിലൊന്നിൽ കുറഞ്ഞ വിലയ്ക്കു്! ഇങ്ങനെ ചുരുങ്ങിയ വിലയ്ക്കു കയററി അയയ്ക്കുമ്പോൾ കർഷകർക്കു നഷ്ടം വരാതിരിക്കാൻ സർക്കാരുകൾ താങ്ങുവില കൊടുക്കുന്നു. തുച്ഛമായ വിലയ്ക്കു് ആണെങ്കിലും സ്റ്റോക്ക് ഒഴിച്ചാൽ, സൂക്‌ഷിച്ചുവയ്ക്കാനുള്ള ചെലവു് ഒഴിവാക്കാമല്ലോ എന്നാണു സർക്കാരുകൾ കരുതുന്നതു്. ഈ ആണ്ടിന്റെ തുടക്കത്തിൽ പടിഞ്ഞാറെ യൂറോപ്പിൽനിന്നു മുപ്പതുലക്ഷം ടൺ ഗോതമ്പു് വാങ്ങി സോവിയററ് യൂണിയനിലേക്കു് അയച്ചു്, ഒരു പ്രമുഖ ഫ്രഞ്ച് കമ്യൂണിസ്റ്റ് ആയ ഷാൻബാപ്‌റ്റിസ്റ്റ് ഡൂമെർക്ക് എന്ന ധനികൻ ഒരൊററ ഇടപാടിൽ പതിനഞ്ചു കോടി ഡോളർ ലാഭം ഉണ്ടാക്കിയത്രെ!

പന്ത്രണ്ടു് യൂറോപ്യൻ രാഷ്ട്രങ്ങൾ കൂടിച്ചേർന്നു് ഉണ്ടാക്കിയതാണു് 'യൂറോപ്യൻ സാമ്പത്തിക സമൂഹം' (യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിററി—ഇ. ഇ. സി) ഇരുപത്തെട്ടു വർഷംമുമ്പു രൂപംകൊണ്ട ഈ സമൂഹത്തിനകത്തു ഭക്ഷ്യവസ്തുക്കൾ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാൻ നികുതി ചുമത്തുന്നില്ല. സമൂഹത്തിൽപ്പെട്ട രാഷ്ട്രങ്ങൾ ഒരേ നയപരിപാടികളാണു ഭക്ഷ്യോല്പാദനകാര്യത്തിൽ കൈക്കൊള്ളുന്നതു്. യൂറോപ്യൻ സാമ്പത്തികസമൂഹത്തിന്റെ ഇപ്പോഴത്തെ ചെയർമാൻ ബ്രിട്ടനിലെ പ്രധാനമന്ത്രി മാർഗരററ് താച്ചർ ആകുന്നു. ഭക്ഷ്യമിച്ചം കുറയ്ക്കുന്നതിനു വേണ്ടി, അമേരിക്കയിൽ ചെയ്തുവരുന്നതുപോലെ, കൃഷിക്കാരോടു നിലം തരിശിടാൻ പറയുകയും, തരിശായി കിടക്കുന്ന നിലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി നിലമുടമകൾക്കു സഹായധനം നല്കുകയും വേണമെന്നു്

താച്ചർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോ കർഷകനും ഉല്പാദിപ്പിക്കാവുന്ന ധാന്യങ്ങൾ, പാൽ, മാംസം എന്നിവയ്ക്കു പരിധി (ക്വോട്ട) കല്പിക്കണമെന്നാണു മറ്റൊരു അഭിപ്രായം.

ഈ ആണ്ടിൽ യൂറോപ്യൻ സാമ്പത്തികസമൂഹത്തിന്റെ ആകെ ബജററ് മൂവായിരത്തിനാനൂററമ്പതു കോടി ഡോളറോളമാണ്. അതിൽ രണ്ടായിരത്തിനാനൂററിപ്പത്തു കോടി ഡോളറോളം ചെലവഴിക്കുന്നതു കാർഷികാഭിവൃദ്ധി സംബന്ധിച്ച കാര്യങ്ങൾക്കാകുന്നു. യൂറോപ്പിൽ കൃഷി തകരാതെ നോക്കുന്നതിൽ യൂറോപ്യൻ സാമ്പത്തിക സമൂഹം വിജയിച്ചിരിക്കുന്നു. കൃഷിയുടെ തകർച്ചയല്ല, വളർച്ചയാണ് ഇപ്പോൾ പ്രശ്നമായിരിക്കുന്നതു്.

കാർഷികാഭിവൃദ്ധി കണ്ടു ഭയന്ന യൂറോപ്യൻ സാമ്പത്തികസമൂഹനേതാക്കൾ, 1981–ലെ പാലുല്പാദനത്തിൽനിന്ന് ഒരു ശതമാനം കൂടുതൽ പാൽ മാത്രമേ യൂറോപ്പിലെ കാലിവളർത്തുകാർ ഉല്പാദിപ്പിക്കാവൂ എന്ന് 1984–ൽ തീരുമാനിച്ചു. ഇതിൽക്കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന കർഷകരോട്, അധികം ഉല്പാദിപ്പിക്കുന്ന പാലിന്റെ വിലയുടെ എഴുപത്തഞ്ചു ശതമാനം പിഴയായി സർക്കാർ ഈടാക്കുമെന്നു കല്പന പുറപ്പെടുവിച്ചു. സമൂഹത്തിനകത്തെ ഓരോ രാജ്യത്തിനും, പാലുല്പാദനക്വോട്ട നിശ്ചയിക്കുകയുംചെയ്തു. ഇതിൻഫലമായി 1984–ൽ പാലുല്പാദനത്തിൽ ഒമ്പതു ശതമാനം (ആകെ ഒരു കോടി ടൺ പാൽ) കുറവ് ഉണ്ടായി. കർഷകർ കറവപ്പശുക്കളെ കൊന്നു മാംസമാക്കി. അതിനാൽ ആ ആണ്ടിൽ ഗോമാംസോല്പാദനം പതിമ്മൂന്നു ലക്ഷം ടൺ വർദ്ധിച്ചു. ഇതോടെ കാലിത്തീററയ്ക്കു ലോകകമ്പോളത്തിൽ വില താഴ്ന്നു. അതുനിമിത്തം പാൽ ഉല്പാദനം വളരെ ലാഭകരമായിത്തീർന്നു. പിഴ ഒടുക്കിയാലും, കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നതാണു കഷ്കക്കു ഗുണം എന്നുവന്നു. 1986–ൽ യൂറോപ്പിലെ പാൽ ഉല്പാദനം മുമ്പെന്നത്തേക്കാളും അധികമായിട്ടുള്ളതു് ഇക്കാരണത്താലാണ്.

യൂറോപ്പിൽ ഭക്ഷ്യധാന്യങ്ങൾ കുന്നുകൂടുന്ന അതേസമയം, ലോകത്തിലെ മററു പല രാജ്യങ്ങളിലും ഭക്ഷ്യോല്പാദനം വർദ്ധിച്ചുവരുകയാണ്. ഇന്ത്യ, സിംബാബ്വേ മുതലായ പല രാജ്യങ്ങളും ഇപ്പോൾ ഭക്ഷ്യധാന്യകാര്യത്തിൽ സ്വയംപര്യാപ്തങ്ങളാകയാൽ പണ്ടത്തെപ്പോലെ യൂറോപ്യൻ ഗോതമ്പ് അങ്ങോട്ടു കയററി അയയ്ക്കാൻ സാദ്ധ്യതയില്ല. ഈ ആണ്ടിൽ യൂറോപ്പിൽനിന്ന് ഇരുപതുലക്ഷം ടൺ ഗോതമ്പ് എത്തിയോപ്പിയയിലേക്ക് അയച്ചു. ആഫ്രിക്കയിൽ പല രാജ്യങ്ങളിലും പട്ടിണിയുണ്ട്. പക്ഷേ, തങ്ങളുടെ മിച്ചധാന്യം ദരിദ്രരാജ്യങ്ങൾക്കു വെറുതെ കൊടുക്കാൻ യൂറോപ്യൻ സമ്പന്നരാഷ്ട്രങ്ങൾ തയ്യാറല്ല. വെറുതെ കിട്ടിയാൽത്തന്നെ, അവ വാങ്ങി യഥാർത്ഥ—ആവശ്യക്കാർക്കു വിതരണംചെയ്യാൻ വേണ്ട സംവിധാനങ്ങൾ പല ദരിദ്രരാജ്യങ്ങളിലുമില്ല.

യൂറോപ്യൻ സാമ്പത്തിക സമൂഹത്തിനകത്തുള്ള പന്ത്രണ്ടു രാഷ്ട്രങ്ങൾക്കിടയിൽത്തന്നെ കഷ്കരുടെ താല്പര്യങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്. പാൽ ഉല്പാദനം കുറയ്ക്കുന്നതിനെതിരാണ് ഡെൻമാർക്കും നെദർലാൻഡ്സും. ഗോതമ്പ് ഉല്പാദനം കുറയ്ക്കാൻ ഫ്രാൻസിനോ, ഗോതമ്പിന്റെ വില കുറയ്ക്കാൻ പടിഞ്ഞാറേ ജർമ്മനിക്കോ സമ്മതമല്ല. വേറെ എന്തു കുറച്ചാലും, വീഞ്ഞിന്റെയും ഒലിവ് എണ്ണയുടെയും ഉല്പാദനം കുറയ്ക്കരുതെന്ന് ഗ്രീസ്സിനും സ്പെയിനിനും നിർബന്ധമുണ്ട്.

യൂറോപ്പിലെ കാർഷികാഭിവൃദ്ധിയെ മൂർത്തമായി കാണിക്കുന്ന ഒരു രേഖാചിത്രം 1886 ഡിസംബർ 8–ലെ 'ന്യൂസ് വീക്ക്'' വാരിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. യൂറോപ്പിൽ ഇപ്പോൾ ഗോഡൗണുകളിൽ കരുതിവെച്ച ഗോതമ്പുകൊണ്ട് ഈജിപ്തിലെ ചിയോപ്പിന്റെ പിരമിഡ്പോ

ലെ ഏഴര പിരമിഡുകൾ ഉണ്ടാക്കാം. ബാരലുകളിൽ നിറച്ചു സൂക്ഷിച്ച വീഞ്ഞിൽ 'ക്വീൻ എലിസബത്ത്–2' എന്ന കപ്പൽ ഓടിക്കാം. മിച്ചമുള്ള പാൽപ്പൊടികൊണ്ട്, ഇററലിയിലെ കോളോസ്സിയം എന്ന റോമൻ ശില്പാവശിഷ്ടത്തിനുമീതെ എട്ടരമൈൽ ഉയരത്തിൽ ഒരു സ്തംഭം പണിതു് ഉയർത്താം; അമേരിക്കയിൽ ന്യൂയോർക്കിലെ എമ്പയർ സ്റ്റേററ് ബിൽഡിങ്ങിനെക്കാൾ വലിയ ഒരു കെട്ടിടം മിച്ചമുള്ള വെണ്ണകൊണ്ടു നിർമിക്കുകയും ആവാം!

(12 ജനുവരി, 1987)

## 19. അമ്മമാരേ, കൂടുതൽ പ്രസവിക്കുക!

അഞ്ഞൂറുകോടിയിലധികം മനുഷ്യർ ഇപ്പോൾ ഭൂമിയിൽ ഉണ്ട്. ഓരോ സെക്കൻഡിലും മൂന്നു മനുഷ്യർവീതം (ഒരു ദിവസത്തിൽ രണ്ടു ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി ഇരുനൂറുവീതം) പിറന്നുകൊണ്ടിരിക്കുകയുമാണ്. ഇക്കഴിഞ്ഞ മുപ്പതോ ഇരുപത്തഞ്ചോ വർഷങ്ങൾക്കുള്ളിൽ പല രാജ്യങ്ങളിലും ജനസംഖ്യ ഇരട്ടിച്ചിരിക്കുന്നു. കേരളസംസ്ഥാനം രൂപവല്ക്കരിക്കപ്പെട്ടതിനുശേഷമുള്ള മുപ്പതു വർഷങ്ങളിൽ മലയാളികളുടെ സംഖ്യ ഇരട്ടിയാവുകയുണ്ടായി. വരുന്ന പത്തു വർഷങ്ങൾക്കകം പല രാജ്യങ്ങളിലും ഇന്നുള്ള ജനസംഖ്യ വീണ്ടും ഇരട്ടിയാവുമെന്നും കാണുന്നു. മിക്ക ദരിദ്രരാജ്യങ്ങളിലും, ഭൂമിക്കു താങ്ങാവുന്നതിലേറെ മനുഷ്യർ ഇപ്പോൾത്തന്നെ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികവികസനത്തിനും ജീവിതം കൂടുതൽ സുഖകരമാക്കുന്നതിനും വേണ്ടി നടത്തുന്ന എല്ലാ പ്രയത്നങ്ങളെയും വിഫലമാക്കുന്നുണ്ട്, ദരിദ്രരാജ്യങ്ങളിൽ പെരുകിവരുന്ന ജനസംഖ്യ.

ജനപ്പെരുപ്പം തടയുന്നതിന്നല്ലെങ്കിൽ നിയന്ത്രിക്കുകയെങ്കിലും ചെയ്യുന്നതിനുള്ള ചില നടപടികൾ ഇന്ത്യയടക്കം പല രാജ്യങ്ങളും കൈക്കൊണ്ടുവരുന്നു. പക്ഷേ, ജനങ്ങൾ വേണ്ടത്ര സഹകരിക്കാത്തതിനാൽ ഈ നടപടികൾ ഫലിക്കാതെ പോകുന്നു. 'അമ്മമാരേ, രണ്ടിലേറെ പ്രസവിക്കാതിരിക്കുക!' എന്നാണ് ഇന്ത്യയിലെ ജനസംഖ്യാ ശാസ്ത്രജ്ഞർ, പല മട്ടിൽ, നമ്മുടെ നാട്ടിലെ സ്ത്രീകളോടു പറയുന്നതു്. പത്തു സ്ത്രീകൾക്കുകൂടി ഇരുപത്തൊന്നു കുട്ടികൾ ഉണ്ടാവുകയാണെങ്കിൽ, രാജ്യത്തിലെ ജനസംഖ്യ ഏററമോ കുറവോ കൂടാതെ സ്ഥിരമായി നിലനില്ക്കും. അതായതു്, ജനസംഖ്യ വർദ്ധിക്കാതിരിക്കണമെങ്കിൽ ഓരോ സ്ത്രീക്കും രണ്ട് ദശാംശം ഒന്ന് (2.1) കുട്ടികളേ ഉണ്ടാകാവൂ.

ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലും ഇപ്പോൾത്തന്നെ ആകാവുന്നതിലധികം ആളുകൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ജനസംഖ്യ പകുതിയായി കുറയ്ക്കാൻ കഴിഞ്ഞാൽ, ഇന്ത്യയുടെ സാമ്പത്തികവികസനത്തെ നാലുമടങ്ങ് ത്വരിപ്പിക്കുവാൻ കഴിയും. ഇതു സാദ്ധ്യമാവണമെങ്കിൽ, കുറേ കാലത്തേക്ക് ഇന്ത്യയിൽ ഓരോ സ്ത്രീക്കും ഓരോ കുട്ടി മാത്രമേ ഉണ്ടാകാവൂ. ചൈനക്കാർ തങ്ങളുടെ സാമൂഹ്യലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളതു് ഇതാണ്. 'നമ്മളൊന്ന്, നമുക്കൊന്ന്' എന്നതാണ് ചൈനയിലെ ഓരോ കുടുംബത്തിനും, അവിടത്തെ സർക്കാർ നൽകിയിട്ടുള്ള മുദ്രാവാക്യം. ഒന്നിലധികം കുട്ടികൾ ഇല്ലാത്ത കുടുംബം രാഷ്ട്രത്തിന് വലിയ സേവനമാണു ചെയ്യുന്നതെന്ന് ചൈനക്കാർ, അംഗീകരിച്ചിരിക്കുന്നു. ഇന്ത്യയിലും, ജനസംഖ്യയെസ്സംബന്ധിച്ചിടത്തോളം ഇതായിരിക്കണം, ഇനി വളരെ കാലത്തേക്കു് ഓരോ കുടുംബത്തിന്റെയും ആദർശം.